# നമശിവായ കീർത്തനം

നമശ്ശിവായമാദിയായൊരക്ഷരങ്ങൾ കൊണ്ടു ഞാൻ
ചുരുക്കി നല്ല കീർത്തനങ്ങൾ ചൊല്ലുവാൻ ഗണേശനും
മനസ്സിൽ വന്നുദിപ്പതിന്നനുഗ്രഹിയ്ക്ക വാണിയും
നമശ്ശിവായ പാർവ്വതീശ പാപനാശനാഹരേ

മനുഷ്യനായി മന്നിലന്നു ഞാൻ പിറന്ന കാരണം
മനഃപ്രസാദമില്ലെനിക്കു വ്യാധികൊണ്ടൊരിക്കലും
മുശുത്തുവന്ന വ്യാധി വേരറുത്തുശാന്തി നൽകുവാൻ
നമശ്ശിവായ പാർവ്വതീശ പാപനാശനാ ഹരേ

ശിവായനാമമോടുവാനെനിക്കനുഗ്രഹിക്കണം
ശിവാകൃപാകതാക്ഷമറ്റെനിക്കുമില്ലൊരാശ്രയം
ശിവായശംഭുവിൻ പദാരവിന്ദമൊടു ചേർക്കണം
നമശ്ശിവായ പാർവ്വതീശ പാപനാശനാ ഹരേ

വലിയമാമലമകളേ വാമഭാഗെ വെച്ചതും
വശിയൊടു പകുത്തു പാതിദേഹവും കൊടുത്തതും
വടിവൊടങ്ങു ഗങ്ങ ചന്ദ്രമൗലിയിൽ ധരിച്ചതും
നമശ്ശിവായ പാർവ്വതീശ പാപനാശനാ ഹരേ

യമൻ വരുന്ന നേരമങ്ങെനിക്കു പേടിപോകുവാൻ
എരിഞ്ഞ കണ്ണിലന്ധിയായ് യമനെയൊന്നു നൊക്കണം
ഇണങ്ങിനിന്ന ദേഹി ദേഹമൊടുവേർപെടുംബൊശും
നമശ്ശിവായ പാർവ്വതീശ പാപനാശനാ ഹരേ